(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങളിൽ എന്തെല്ലാം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിനു വേണ്ടി പ്രത്യേക റെയിൽവേ മേഖല അനുവദിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ):

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി. ആന്റ് സി) പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങളിൽ ആദ്യത്തെ ഇനമായ സംസ്ഥാനത്തിനുവേണ്ടി പ്രത്യേക റെയിൽവേ മേഖല അനുവദിക്കണമെന്ന ആവശ്യം തത്സംബന്ധമായ മാനദണ്ഡങ്ങൾ വച്ച് പരിശോധിച്ചപ്പോൾ കേരളത്തിന് ഇപ്പോൾ പ്രത്യേക റെയിൽവേ മേഖല അനുവദിക്കാൻ നിർവ്വാഹമില്ലെന്നുള്ള നിഗമനത്തിലാണ് റെയിൽവേ അധികൃതർ. നിവേദനത്തിലെ മറ്റ് ആവശ്യങ്ങൾ റെയിൽവേയുടെ പരിഗണനയിലാണ്.

മോട്ടോർ വാഹനങ്ങളിൽ വേഗത നിയന്ത്രണ ഉപകരണങ്ങൾ

*13 [102] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേഗത നിയന്ത്രണ സംവിധാനമില്ലാത്തതിനാൽ മോട്ടോർ വാഹന അപകടം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മോട്ടോർ വാഹനങ്ങളിൽ വേഗത നിയന്ത്രണ ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) അമിത വേഗത റോഡപകടം ഉണ്ടാക്കുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഹൈക്കോടതി വിധിയെത്തുടർന്ന് സംസ്ഥാനത്തെ എല്ലാ സ്റ്റേജ് കാര്യേജുകൾക്കും ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും എ.ഐ.എസ്. 018 (AIS 018) നിലവാരമുള്ള സ്പീഡ് ഗവേണറുകൾ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 2003-ൽ തന്നെ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തരം വാഹനങ്ങളുടെ പെർമിറ്റ് നിബന്ധനയിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly